# മധ്യ ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള രണ്ടാം യുവ പ്രതിനിധി സംഘത്തിന്റെ ഇന്ത്യ സന്ദർശനം

മാർച്ച് 7, 2024

അഞ്ച് മധ്യേഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള 100 അംഗ യുവ പ്രതിനിധി സംഘം 2024 മാർച്ച് 5-13 തീയതികളിൽ ഇന്ത്യ സന്ദർശിക്കുന്നു.

മധ്യേഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള യുവ പ്രതിനിധി സംഘത്തിന്റെ രണ്ടാം ഇന്ത്യ സന്ദർശനമാണിത്. ആദ്യത്തെ പ്രതിനിധി സംഘം 2022 നവംബറിൽ ആണ് ഇന്ത്യ സന്ദർശിച്ചത്. 2022 ജനുവരിയിൽ നടന്ന ആദ്യ ഇന്ത്യ-മധ്യേഷ്യ ഉച്ചകോടിയിൽ ഉരുത്തിരിഞ്ഞ ആശയങ്ങളിൽ ഒന്നാണിത്.

മധ്യേഷ്യയിലെ വിവിധ മേഖലകളിൽ നിന്നുള്ള യുവ നേതാക്കൾക്കും നേട്ടങ്ങൾ കൈവരിച്ചവർക്കും ഇൻഫ്ലുവൻസർമാർക്കും ഇന്ത്യയുടെ വളർച്ച അടുത്തറിയാനും അതിൻ്റെ സാങ്കേതികവും വ്യാവസായികവും ഗവേഷണപരവുമായ കഴിവുകൾ മനസ്സിലാക്കാനും ഇന്ത്യയുടെ ബഹിരാകാശ സംരംഭങ്ങളെ അടുത്തറിയാനും ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം ആസ്വദിക്കുന്നതിനും അവസരം ലഭിക്കും. പ്രധാനപ്പെട്ട ഗവേഷണ സ്ഥാപനങ്ങൾ, ഐഐടി, ഐഐഎം എന്നിവ പോലുള്ള ഡൽഹിയിലെയും അഹമ്മദാബാദിലെയും പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഡൽഹിയിലെ ചരിത്ര പ്രസിദ്ധമായ സ്ഥലങ്ങൾ എന്നിവ സന്ദർശിക്കുന്നതും 'മൈ ഭാരത്' വോളൻ്റിയർമാരുമായുള്ള ആശയവിനിമയവും വിശിഷ്ട വ്യക്തികളുമായുള്ള കൂടിക്കാഴ്ചയും താജ്മഹൽ സന്ദർശനവും പരിപാടിയിൽ ഉൾപ്പെടുന്നു.

ചരിത്രപരമായി, ഇന്ത്യയും മധ്യേഷ്യയും ആളുകളുടെയും സംസ്കാരത്തിന്റെയും ആശയങ്ങളുടെയും തുടർച്ചയായ കൈമാറ്റം പങ്കുവയ്ക്കുന്നു. ഈ സന്ദർശനം മധ്യേഷ്യൻ രാജ്യങ്ങളിലെ യുവാക്കൾക്കിടയിൽ ഇന്ത്യയെക്കുറിച്ചുള്ള ധാരണ വിശാലമാകാനും ഇന്ത്യൻ സമൂഹം, വളർച്ച, അടിസ്ഥാന സൗകര്യങ്ങൾ, ദാരിദ്ര്യ നിർമാർജനം, സമീപ വർഷങ്ങളിൽ ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ എന്നിവ സംബന്ധിച്ച മികച്ച വിലയിരുത്തലുകൾക്കും സഹായിക്കും. ഈ സന്ദർശനത്തിലൂടെ യുവ മധ്യേഷ്യൻ പ്രതിനിധികളിൽ ഉണ്ടാകുന്ന മതിപ്പ്, സമകാലിക ഇന്ത്യയെക്കുറിച്ച് കൂടുതൽ നന്നായി മനസ്സിലാക്കാനും ഇന്ത്യയും മധ്യേഷ്യൻ രാജ്യങ്ങളും തമ്മിലുള്ള

സുസ്ഥിരമായ ജനകീയ ആശയവിനിമയത്തിന് അടിത്തറ പാകാനും അവരെ സഹായിക്കും.

**ന്യൂഡൽഹി**
**മാർച്ച് 7, 2024**